"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ. പ്രീജിത്ത് എൻ.-ന് എതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കണ്ണൂർ ജില്ല തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.809/2026/LSGD തീയതി,തിരുവനന്തപുരം, 23-03-2026

---

പരാമർശം:-

1 സ.ഉ.(എം.എസ്)നം.21/2021/പി&എആർഡി തീയതി 15.09.2021

2 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01/07/2024 ലെ LSGD/PD/6446/2024-VIGE2 നമ്പർ കത്ത്.

3 സർക്കാരിന്റെ 12/11/2024 ലെ ഇപിബി3/1/2024 നമ്പർ കുറ്റാരോപണ മെമ്മോ.

4 ശ്രീ. പ്രീജിത്ത് എൻ. 30/05/2025 തീയതിയിൽ സമർപ്പിച്ച എതിർവാദ പത്രിക.

5 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23/02/2026 ലെ LSGD/PD/14486/2025-VIGE2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ദേശീയപാത 66 നിർമ്മാണത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ വേളാപുരം-തുരുത്തി തോട്, പതിമൂന്നാം വാർഡിൽ വച്ച് പൂർണ്ണമായും നികത്തപ്പെട്ടപ്പോൾ വെള്ളം ഒഴുകിപോകാൻ സാധിക്കാതെ, മഴക്കാലമാകുമ്പോൾ ഉണ്ടാകാൻ പോകുന്ന പ്രശ്നത്തിന് ബന്ധപ്പെട്ടവരിൽ നിന്നും ആവശ്യമായ പരിഹാര നടപടികൾക്കായി സർക്കാരിനെതിരെ ബഹു. കേരള ഹൈക്കോടതി മുമ്പാകെ 10603/2023 നമ്പരായി WP(C) ഫയൽ ഫയൽ ചെയ്ത നടപടിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവായിരുന്നു.

2. ഈ വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം, വേനൽ കാലത്തു പോലും വെള്ളം കെട്ടിക്കിടക്കുന്ന പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ തുരുത്തി പ്രദേശത്തെ വേളാപുരം-തുരുത്തി തോടിൽ ഡ്രെയിനേജ് സംവിധാനം ഉറപ്പാക്കാതെ ദേശീയപാത 66-നിർമ്മാണത്തിന്റെ ഭാഗമായി തോട് പൂർണ്ണമായും നികത്തപ്പെട്ട സാഹചര്യത്തിൽ മഴക്കാലത്ത് ഉണ്ടാകാനിടയുള്ള ഗുരുതരമായ വെള്ളപ്പൊക്ക സാധ്യത തടയുന്നതിനു വേണ്ടിയാണ് പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് നിയമപരമായ പരിഹാരം തേടുന്നതിന് തയ്യാറായത് എന്ന് 18.03.2023 തീയതിയിലെ

54/2023 നമ്പർ ഭരണസമിതി തീരുമാനം പരിശോധിച്ചതിൽ വ്യക്തമാകുന്നതായും, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166 പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും സംരക്ഷിക്കുക, പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുക എന്നിവ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ പെടുന്നതായതിനാലും, രണ്ട് പഞ്ചായത്തുകളിലെ ചതുപ്പു പ്രദേശത്തു കൂടി ഒഴുകിപ്പോകുന്ന പ്രസ്തുത തോട് പൂർണ്ണമായും മൂടപ്പെട്ടാൽ മഴക്കാലത്ത് ഉണ്ടാകാനിടയുള്ള വലിയ ദുരന്തം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകാതിരുന്ന സാഹചര്യത്തിലുമാണ് പഞ്ചായത്ത് ഭരണസമിതി ബഹു. ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യാൻ ഐകകണ്ഠേന തീരുമാനം കൈക്കൊണ്ടതെന്നും, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 182 പ്രകാരം പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം നടപ്പിലാക്കുകയാണ് സെക്രട്ടറി ചെയ്തിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാരിനെ എതിർകക്ഷിയാക്കി കോടതികളിൽ കേസ് ഫയൽ ചെയ്യുമ്പോൾ പരാമർശം (1) ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് മാത്രമേ നടപടി സ്വീകരിക്കാവൂ എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. എന്നാൽ മേൽ വിഷയത്തിൽ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല. കൂടാതെ പഞ്ചായത്ത് പാസ്സാക്കിയ ഏതെങ്കിലും പ്രമേയം നിയമാനുസൃതം പാസ്സാക്കിയതല്ലെന്നോ, ഈ ആക്ടോ മറ്റേതെങ്കിലും ആക്ടോ പ്രകാരം നൽകിയിട്ടുള്ള അധികാരസീമ ലംഘിച്ചതാണെന്നോ അല്ലെങ്കിൽ അത് നടപ്പാക്കിയാൽ മനുഷ്യജീവനോ ആരോഗ്യത്തിനോ പൊതുസുരക്ഷക്കോ അപകടമാകുവാൻ സാദ്ധ്യതയുള്ളതാണെന്നോ സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം, അദ്ദേഹം ആ പ്രമേയം പുനരവലോകനം ചെയ്യാൻ പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും, പഞ്ചായത്ത് അത് പുനരവലോകനം ചെയ്യുന്ന സമയത്ത് തന്റെ അഭിപ്രായങ്ങൾ പറയേണ്ടതും അതിനുശേഷവും പഞ്ചായത്ത് അതിന്റെ ആദ്യതീരുമാനത്തിൽ തന്നെ ഉറച്ചുനിൽക്കുകയാണെങ്കിൽ, വിവരം പ്രസിഡന്റിനെ അറിയിച്ചശേഷം, തീരുമാനത്തിനായി സർക്കാരിലേക്ക് സമർപ്പിക്കുകയും സർക്കാർ തീരുമാനം 15 ദിവസംവരെ ലഭിക്കാതിരുന്നാൽ പ്രസ്തുത പ്രമേയം നടപ്പിലാക്കേണ്ടതും വിവരം സർക്കാരിൽ അറിയിക്കേണ്ടതുമാണ് [Proviso to Section 182(iii)] എന്നതാണ് 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥ. എന്നാൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പാലിക്കാതെ പഞ്ചായത്ത് കൈക്കൊണ്ട തീരുമാനത്തിന്മേൽ സെക്രട്ടറി അപ്രകാരം നടപടി സ്വീകരിച്ചതായും കാണുന്നില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. പരാമർശം (1) ഉത്തരവ് പ്രകാരം വിവിധ വകുപ്പുകൾ /സർക്കാർ സ്ഥാപനങ്ങൾ തമ്മിലുണ്ടാകുന്ന ആഭ്യന്തര പ്രശ്നങ്ങൾ വകുപ്പ് തലത്തിലോ, തുടർന്ന് ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള Inter-Departmental Dispute Resolution Committee മുഖേനയോ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി മാത്രം നിയമപരമായുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു. ദേശീയപാത 66 നിർമ്മാണത്തിന്റെ ഭാഗമായി ഡ്രെയിനേജ് സംവിധാനം ഉറപ്പാക്കാതെ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ തുരുത്തി പ്രദേശത്തെ വേളാപുരം-തുരുത്തി തോട് പൂർണ്ണമായും നികത്തിയ നടപടിയ്ക്കെതിരെ

പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം സർക്കാരിനെ പ്രതിയാക്കി ബഹു. ഹൈക്കോടതിയിൽ **WP(C) 10603/2023** നമ്പരായി കേസ് ഫയൽ ചെയ്തതിലൂടെ മേൽ വ്യവസ്ഥകളാണ് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പ്രീജിത്ത് എൻ. ലംഘിച്ചിട്ടുള്ളത്. എന്നാൽ, ആയത് ഭരണ സമിതി തീരുമാന പ്രകാരമായിരുന്നു എന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യുന്നതിന് ഭരണ സമിതിക്ക് രേഖാമൂലം നിർദ്ദേശം നൽകുകയോ ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനോ സെക്രട്ടറി നടപടി സ്വീകരിച്ചിട്ടില്ലെന്ന എന്നത് ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണ്ട് ടിയാനെതിരെ **KCS (CCA) Rules 1960** ലെ ചട്ടം **15** അനുസരിച്ച് പരാമർശം **(3)** പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

**5.** കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. പ്രീജിത്ത് എൻ. പരാമർശം **(4)** പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക പ്രകാരം, പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് വേണ്ടി പഞ്ചായത്ത് ഭരണസമിതി എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി അവരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ബഹു. ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്തത് എന്നും കുറ്റാരോപണ പത്രികയിൽ പറഞ്ഞിട്ടുള്ള **15.09.2021** ലെ **G.O(MS) No.21/2021/P&ARD** നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ ഒന്നും മനപ്പൂർവം ലംഘിച്ചിട്ടില്ല എന്നും, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് സർക്കാരിന്റെ വിവിധ വകുപ്പുകളുമായി യാതൊരു തർക്കവും ഉണ്ടായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

**6.** എതിർവാദപത്രികയിന്മേൽ കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(4)** പ്രകാരം ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**i.** പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ദേശീയപാത ബൈപ്പാസ് നിർമ്മാണത്തിന്റെ ഭാഗമായി പാപ്പിനിശ്ശേരി പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടായ വേളാപുരം-തുരുത്തി തോട് പൂർണ്ണമായും നികത്തിയത് പ്രദേശത്ത് മഴക്കാലത്ത് അതിരൂക്ഷമായ വെള്ളപ്പൊക്കം ഉണ്ടാക്കുമെന്നും, നേരത്തെ തന്നെ ഇക്കാര്യം ചൂണ്ടിക്കാട്ടി പരാതി നൽകിയ സമയത്ത് ജില്ലാ കളക്ടർ ഉൾപ്പെടെ സ്ഥലം സന്ദർശിക്കുകയും പഞ്ചായത്തിന്റെ ആശങ്ക ശരിയാണെന്ന് വിലയിരുത്തുകയും ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി തോട് പൂർണ്ണമായും അടച്ചുകൊണ്ടാണെന്നും ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും അടിയന്തര നടപടി വേണമെന്നും കാണിച്ച് പാപ്പിനിശ്ശേരി പഞ്ചായത്ത് പതിമൂന്നാം വാർഡ് മെമ്പർ, പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് നൽകിയ കത്ത് **18.03.2023** ന് ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗം ചർച്ച ചെയ്യുകയും **2019** ൽ പ്രളയമുണ്ടായ തുരുത്തി പ്രദേശത്ത് തോട് പൂർണ്ണമായും അടച്ചുകൊണ്ട് നടന്നുവരുന്ന ബൈപ്പാസ് നിർമ്മാണം കാരണം മഴക്കാലത്ത് പ്രദേശത്ത് പ്രവചനാതീതമായ ദുരന്തമുണ്ടാകുമെന്നും നേരത്തെ സ്ഥലം എംഎൽഎ, ജില്ലാ കളക്ടർ, **National Highway Authority of India** ഉദ്യോഗസ്ഥർ, കരാർ കമ്പനിയായ വിശ്വ

സമുദ്രയുടെ പ്രതിനിധികൾ എന്നിവർ യോഗം ചേരുകയും സ്ഥലം സന്ദർശിക്കുകയും ചെയ്തിരുന്നെങ്കിലും പ്രശ്ന പരിഹാരത്തിന് നടപടികൾ ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ ആവശ്യമായ പരിഹാരനടപടികൾക്കായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ പെറ്റിഷൻ സമർപ്പിക്കുന്നതിന് ഐകകണ്ഠ്യേന തീരുമാനിക്കുകയും തുടർനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി കൊണ്ട് 1/54/2023 നമ്പർ പ്രകാരം തീരുമാനം കൈക്കൊണ്ടു.

ii. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിനു വേണ്ടി പഞ്ചായത്ത് സെക്രട്ടറി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 10603/2023 നമ്പർ കേസിൽ 25.05.2023 തീയതിയിൽ ബഹു. കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ മഴക്കാലം അടുത്തുവരുന്ന സാഹചര്യത്തിൽ കേസിനാസ്പദമായ റോഡ് അടിയന്തിരമായി പുനർനിർമ്മിക്കുന്നിന് National Highway Authority of India ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും കേസിൽ അന്തിമ വിധി ആയിട്ടില്ലെന്നും കാണുന്നു.

iii. പഞ്ചായത്ത് ഭരണ സമിതി അംഗം ശ്രീമതി പോള പ്രസന്ന പഞ്ചായത്തിൽ സമർപ്പിച്ച പരാതിയുടെ പകർപ്പ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും തുടർനടപടികൾക്കായി ജില്ലാ കളക്ടർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ 24.05.2023 തീയതിയിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന നാഷണൽ ഹൈവേ റോഡ് സുരക്ഷായോഗത്തിൽ മേൽ വിഷയം പരിഗണനക്കെടുത്തിട്ടുള്ളതും സ്വകാര്യവ്യക്തിയുടെ സ്ഥലം ഏറ്റെടുത്ത് വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതായും 03.01.2024 ന് സ്ഥലം സന്ദർശിച്ച District Development Commissioner നിലവിലുള്ള സംവിധാനം വെച്ച് വേനൽകാലത്തെ വെള്ളം പോലും ഒഴുകിപ്പോകില്ലെന്നും, മഴക്കാലത്ത് പ്രശ്നം രൂക്ഷമാകുമെന്നും വിലയിരുത്തിയിട്ടുള്ളതായും പ്രശ്നപരിഹാരത്തിനുള്ള പദ്ധതി സമർപ്പിക്കുന്നതിന് NHAI ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും മിനിട്സ് പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞു.

iv. 15.09.2021-ലെ G.O(MS)No.21/2021/P&ARD നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മാത്രം നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഭരണസമിതിയുടെ 18-03-2023 തീയതിയിലെ 1/54/2023 നമ്പർ തീരുമാനം പുനഃപരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതും, കേസ് ഫയൽ ചെയ്യുമ്പോൾ ആയതിലെ എതിർകക്ഷികളിൽ സംസ്ഥാന സർക്കാർ ഉൾപ്പെട്ടിട്ടുള്ളത് മേൽ ഉത്തരവിന് വിരുദ്ധമാകുമോ എന്ന് പരിശോധിക്കാതിരുന്നതും സെക്രട്ടറി എന്ന നിലയിൽ ശ്രീ. എൻ. പ്രീജിത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ജാഗ്രത ക്കുറവാണെന്ന് വിലയിരുത്തുന്നു.

7. മേൽ സാഹചര്യത്തിൽ, ഭരണസമിതിയുടെ ഐകകണ്ഠേനയുള്ള തീരുമാനം നടപ്പിലാക്കുകയാണ് സെക്രട്ടറി ചെയ്തതെങ്കിലും കേസ് ഫയൽ ചെയ്യുമ്പോൾ ആയതിലെ

എതിർകക്ഷികളിൽ സംസ്ഥാന സർക്കാർ ഉൾപ്പെട്ടിട്ടുള്ളത് മേൽ ഉത്തരവിന് വിരുദ്ധമാകുമെന്ന് കാണാതിരുന്നത് ടിയാന്റെ ഭാഗത്തുനിണ്ടായ ജാഗ്രതക്കുറവാണെന്ന് കാണുന്നതിനാൽ, **KCS(CCA)Rules 1960** ലെ ചട്ടം **15** പ്രകാരമുള്ള നടപടി ആയതിനാൽ, വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കണ്ണൂർ ജില്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരാവാകുന്നു. അന്വേഷണ റിപ്പോർട്ട് **15** ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കണ്ണൂർ. *(ഫയലിലെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പുകൾ സഹിതം).*
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
3. ശ്രീ. പ്രീജിത്ത് എൻ., സെക്രട്ടറി, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി *(ഫയൽ നം.ഇപിബി3/1/2024/തസ്വഭവ നമ്പർ)*

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 23-03-2026 12:05:42
സെക്ഷൻ ഓഫീസർ